<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ: 4732</u>

26.06.2019 - ൽ
മറുപടിയ്ക്ക്

## <u>കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങളുടെ വിനോദസഞ്ചാരസാധ്യതകൾ</u>

| <u>ചോദ്യം</u><br>**ശ്രീമതി.ഇ.എസ്.ബിജിമോൾ** | <u>മറുപടി</u><br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്താൻ വകുപ്പിന് പ്രത്യേകം പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിൽ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വണ്ടിപ്പെരിയാർ ഫാമിൽ നടന്നു വരുന്നു. ജില്ലാ പഞ്ചായത്ത് സ്കീമിൽ, ജില്ലാ കൃഷിത്തോട്ടം കരിമ്പം ഫാമിൽ വീഡിയോ ഡോക്യുമെന്ററി, കോഫി ടേബിൾ, ബുക്ക് ലീഫ് ലെറ്റ്, വെബ്സൈറ്റ്, ഡോർമിറ്ററി കം ലൈബ്രറി, ഫാം ഫെസ്റ്റിവൽ എന്നിവ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വ്യാപനത്തിനും പര്യാപ്തമായിട്ടുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുവാൻ വകുപ്പിനെ പ്രാപ്തമാക്കാൻ കഴിയുന്ന തരത്തിൽ നികുതിവരുമാനം ആർജ്ജിക്കുവാൻ നിർണായകമായ സാധ്യതകളിലൊന്നായി വിനോദസഞ്ചാരത്തെ വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) ഉണ്ട്. ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി, ഫാം ടൂറിസം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. ശരിയായ ദിശയിലുള്ള ടൂറിസം പദ്ധതികൾ ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫാമിൽ ഉണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും സഹായകമാകും. കൂടാതെ ഫാം തൊഴിലാളികളുടെ തൊഴിലവസരങ്ങളും വർദ്ധിക്കും. |

| | |
|---|---|
| **സി)** പീരുമേട് മണ്ഡലത്തിൽ കൃഷിവകുപ്പിന് ഏതൊക്കെ സ്ഥലങ്ങളിൽ കൃഷി ത്തോട്ടങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ; | **സി)** വണ്ടിപ്പെരിയാറിലുള്ള സംസ്ഥാന പച്ചക്കറിത്തോട്ടം പീരുമേട് മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. |
| **ഡി)** വിനോദസഞ്ചാരസാധ്യതകൾ ഏറെയുള്ള പീരുമേട് മണ്ഡലത്തിന്റെ പ്രസ്തുത സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഈ തോട്ടങ്ങളിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **ഡി)** ഇടുക്കി ജില്ലയിൽ ഫാമുകളിൽ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിന് [illegible] ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വണ്ടിപ്പെരിയാർ ഫാമിൽ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**